**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 457

11.06.2013-ലെ മറുപടിയ്ക്ക്

# സഹകരണ നിക്ഷേപ സുരക്ഷാ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.പി.വിൻസെന്റ്<br>,, ഷാഫി പറമ്പിൽ<br>,, എ.പി.അബ്ദുള്ളക്കുട്ടി<br>,, പി.എ.മാധവൻ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സഹകരണ നിക്ഷേപ സുരക്ഷാ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; | (എ) പ്രാഥമിക വായ്പ സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി നിക്ഷേപ സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇപ്രകാരം രൂപീകരിച്ച നിക്ഷേപ സുരക്ഷാ സ്കീം-2012 ഫലപ്രദമായി നടപ്പിലാക്കുന്നതിനായ് കേരള നിക്ഷേപ സുരക്ഷാ ഫണ്ട് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. |
| (ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; | (ബി) പ്രാഥമിക വായ്പ സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പാക്കുക എന്നതും, നിക്ഷേപകരുടെ വിശ്വാസം ആർജ്ജിക്കുക എന്നതും അതിലൂടെ സഹകരണ മേഖലയിൽ കൂടുതൽ നിക്ഷേപം ആകർഷിക്കുക എന്നതുമാണ് നിക്ഷേപ സുരക്ഷാ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം. |

| | | | |
|---|---|---|---|
| (സി) | ഏതൊക്കെ സഹകരണ സംഘങ്ങളിലാണ് പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്; | (സി) | പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ സംഘങ്ങൾ, എംപ്ലായീസ് സഹകരണ സംഘങ്ങൾ എന്നീ വായ്പ സഹകരണ സംഘങ്ങൾക്കാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. |
| (ഡി) | എന്തെല്ലാം സൗകര്യങ്ങളാണ് നിക്ഷേപകർക്ക് പദ്ധതി വഴി ലഭിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ഡി) | ഏതെങ്കിലും കാരണത്താൽ വായ്പ സഹകരണ സംഘത്തിൽ നിന്നും നിക്ഷേപകന് നിക്ഷേപ തുക തിരികെ നൽകാൻ കഴിഞ്ഞില്ലെങ്കിൽ ഒന്നര ലക്ഷം രൂപ വരെയുള്ള നിക്ഷേപ തുക നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് നിക്ഷേപകന് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ